# കാൽപ്പാടുകൾ (നോവൽ)

കാരൂർ സോമൻ



അധ്യായം: 24

## എഴുതാത്ത കഥ

ആഹ്ലാദത്തിന്റെ ഒരായിരം പളുങ്കുനക്ഷത്രങ്ങൾ ആനിയുടെ മനസിൽ തെളിഞ്ഞുനിന്നു. നിർവൃതിയുടെ ധന്യമായ നിമിഷങ്ങൾ. ആനി കുഞ്ഞിനെ മാറോടണച്ച് കവിളിലും നെറുകയിലും ചുംബനങ്ങൾകൊണ്ട് മൂടി. കുഞ്ഞിളം ചുണ്ടുകൾ മുലപ്പാൽ നുകരുന്നതിന്റെ നിർവൃതിയിൽ ആനി കണ്ണുകളടച്ചു കിടന്നു.

കിഴക്കുകണ്ട നക്ഷത്രം അവർക്കു മുമ്പേ നീങ്ങിക്കൊണ്ടിരുന്നു. അതു ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ വന്നുനിന്നു. നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികം സന്തോഷിച്ചു. അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിന്റെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. നിക്ഷേപ പാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു.

ഏലിയാമ്മ ബൈബിൾ അടച്ചുവച്ച് എഴുന്നേറ്റു. കുഞ്ഞ് ശാന്തനായി ഉറങ്ങുന്നു. ആനി മുല ചുണ്ടിൽനിന്നു മാറ്റിയപ്പോൾ കുഞ്ഞ് കരഞ്ഞു. വീണ്ടും അമ്മിഞ്ഞപ്പാൽ നുകർന്നുറങ്ങി.

'ഇവന് ജസ്റ്റിന്റെ അതേ ഛായതന്നെ.'

പറഞ്ഞുകഴിഞ്ഞാണ് ഏലിയാമ്മ ആനിയെ നോക്കിയത്. മുഖം വിളറിയിരിക്കുന്നു. പറഞ്ഞത് ശരിയാണെങ്കിലും അത് വേണ്ടായിരുന്നുവെന്ന് തോന്നി. എറിഞ്ഞകല്ലും പറഞ്ഞവാക്കും തിരിച്ചെടുക്കാവതല്ലല്ലോ.

കുഞ്ഞിനും അമ്മയ്ക്കും യാതൊരു കുഴപ്പവുമില്ലെന്നും രണ്ടു ദിവസത്തിനുള്ളിൽ പോകാമെന്നും മോനിക്ക വന്നറിയിച്ചു. മോനിക്ക തിരിച്ചുപോയിക്കഴിഞ്ഞാണ് ജോസ് എത്തിയത്.

'ആഹാ വല്യപ്പച്ചനെത്തിയോ ഇപ്പഴാണോ വരുന്നത്.'

ഏലിയാമ്മ ജോസിനെ കളിയാക്കി. മറുപടിയായി ജോസ് ഒന്നു ചിരിച്ചതേയുള്ളൂ.

'വല്യപ്പച്ചനെ കാണാൻ ഇരിക്കുവാരുന്നു. കൊച്ചിന് പേരുവല്ലോം കണ്ടുവച്ചിട്ടുണ്ടോ.'

ജോസ് ഇല്ലെന്നർഥത്തിൽ തലയാട്ടി. ആനിയുടെ അടുത്ത് കട്ടിലിലിരുന്നു. കുഞ്ഞിന്റെ ഇളം മുഖത്ത് തൊട്ടു.

'ജോസേ ഞാൻ കാര്യമായിട്ട് പറഞ്ഞതാ കുഞ്ഞിന് പേരിടണേ.' ഏലിയാമ്മ വിടാൻ ഭാവമില്ല.

ജോസ് തിരിഞ്ഞ് ഏലിയാമ്മയെ നോക്കി.

'അതിനു ഞാനിപ്പോ...' ആനിയുടെ മുഖത്ത് ഒരു ചിരിപടർന്നു.

'ജസ്റ്റിനോടുംകൂടി ചോദിച്ചിട്ടു വേണം അവനു പേരിടാൻ.' ഏലിയാമ്മ ഗൗരവത്തിലായി.

ജോസിന്റെ മുഖം മ്ലാനമായി. ആനി മനഃപൂർവം കണ്ണുകളടച്ചു കിടന്നു. ഏലിയാമ്മ തുടർന്നു.

'അതുവേണം ജോസേ, ആനിക്കൊരു ആൺകുഞ്ഞു പിറന്നെന്ന് അവനെ അറിയിക്കുകയും വേണം. ജോസൊന്നു പോയിവാ.' എല്ലാം കേട്ടിട്ടും ഒന്നും മിണ്ടാതെ ആനി കണ്ണടച്ചു കിടന്നു. ആന്റിയുടെ ഇഷ്ടംപോലെ എന്താണെന്നുവച്ചാൽ ചെയ്യട്ടെ. അല്പം മടിച്ചുമടിച്ചാണെങ്കിലും ജോസ് ഏലിയാമ്മ പറഞ്ഞതനുസരിച്ചു കാറുമെടുത്തുപോയി. ഗ്രേസിയെ ഇനിയും അഭിമുഖീകരിക്കാൻ വയ്യ. എത്രയായാലും പത്തു മുപ്പതുവർഷം ഒരുമിച്ചു കഴിഞ്ഞതല്ലേ. മാത്രമല്ല ആനിയുമായി നിലവിട്ട ബന്ധമുണ്ട് തനിക്കെന്നാണ് അവളിപ്പോഴും വിശ്വസിക്കുന്നത്. പറഞ്ഞു തിരുത്താനാവില്ലല്ലോ അവളെ. ആനി ഒരു കുഞ്ഞിനു ജന്മംകൊടുത്ത വാർത്തയുമായി അവിടെ കയറിച്ചെല്ലുമ്പോൾ ഗ്രേസി എങ്ങനെയാവും പ്രതികരിക്കുകയെന്നറിയില്ല. ജസ്റ്റിനില്ലാത്ത താത്പര്യം തനിക്കെന്താണ് അവളുടെ കാര്യത്തിലെന്ന് ചോദിച്ചേക്കും. ചിലപ്പോൾ മുഖമടച്ച് അടി കിട്ടും. ആട്ടിപ്പുറത്താക്കിയെന്നുംവരാം. എന്തു നേരിടാനുള്ള മനസുമായി വേണം ആ മുറ്റത്തേക്കു വീണ്ടും കാലുകുത്താൻ.

കാറ് ജോസ് ഗെയിറ്റിനു വെളിയിലാണിട്ടത്. വീട്ടിലേക്ക് പതിയെ നടന്നു. അന്നിവിടുന്നിറങ്ങിയശേഷം ആദ്യമായിട്ടാണ് തിരിച്ചുവരവ്. മുറ്റത്തെ പൂന്തോട്ടം അടുത്തിടെ ചെത്തിയൊരുക്കിയതുപോലെ കിടക്കുന്നു. ചെടികളിലെല്ലാം പൂവുകളുടെ വർണപ്പൊലിമ.

ഒട്ടൊരാശങ്കയോടെയാണ് ജോസ് കോളിംഗ് ബെല്ലിൽ വിരലമർത്തിയത്. നേരം ഏഴരയായതേയുള്ളൂ. ഗ്രേസി ഉണർന്നുകാണില്ല. ഗ്രേസി ഉണർന്നു വരരുതേയെന്ന് ജോസ് ഉള്ളിൽ പ്രാർഥിച്ചതുപോലെ തോന്നി. ഒരു മടങ്ങിവരവല്ല ഇതെങ്കിലും ഇങ്ങോട്ടു കാൽകുത്തിയിട്ട് ഒരു വർഷത്തോളമാകുന്നു. മുഖത്തെ കുറ്റിരോമങ്ങൾ തടവി ജോസ് കാത്തുനിന്നു.

മുറിക്കുള്ളിൽ കാൽപെരുമാറ്റം കേട്ടു. കതകു തുറന്നു.

മുന്നിൽ ജസ്റ്റിന്റെ കാമുകി ക്രിസ്റ്റി. നിശാവസ്ത്രം അവളുടെ ശരീര അകവടിവുകൾ വെളിവാക്കി. ക്രിസ്റ്റിയുടെ കണ്ണുകൾ വിടർന്നു. അവൾ ജോസിനെ വിനീതമായി അകത്തേക്കു ക്ഷണിച്ചു.

'ഗുഡ് മോണിംഗ് അങ്കിൾ കം ഓൺ.'

ജോസ് അവളെ പരുഷമായൊന്നു നോക്കി. പ്രത്യഭിവാദനം ചെയ്തിട്ടു പറഞ്ഞു.

'മോണിംഗ്. പ്ലീസ്കോൾ ജസ്റ്റിൻ. ഇറ്റ്സ് വെരി അർജന്റ്.'

അവൾ മുകളിലെ ജസ്റ്റിന്റെ മുറിയിലേക്ക് പോയി.

മുൻപ് ഇവളെ പകൽസമയങ്ങളിലേ കണ്ടിരുന്നുള്ളൂ. ഇപ്പോൾ ഇവിടെ സ്ഥിരതാമസമാക്കിയോ.

മുകളിൽ വാതിൽതുറക്കുന്ന ശബ്ദം കേട്ടു. അഞ്ചു മിനിറ്റിനുശേഷം ഉറച്ചവിടുമായി ജസ്റ്റിൻ ഗോവണിയിറങ്ങി വന്നു. പിന്നാലെ നിഴൽപോലെ ക്രിസ്റ്റിയും.

'വാട്ട് ഹാപ്പെൻഡ് പപ്പ-' ഒരു കോട്ടുവായുടെ സ്വരത്തിൽ ജസ്റ്റിൻ ചോദിച്ചു.

ജോസിന്റെ സ്വരം ആർദ്രമായി. ക്രിസ്റ്റിയെ ഒന്നു നോക്കിയിട്ട് ജസ്റ്റിനോട് പറഞ്ഞു.

'ആനി പ്രസവിച്ചു.'

ജസ്റ്റിൻ മനസിലാകാത്തതുപോലെ ജോസിനെ നോക്കി.

ജോസ് ആവർത്തിച്ചു.

'ആനി ഡെലിവേഡ് എ ബോയ്.'

ജസ്റ്റിന്റെ മുഖത്ത് താത്പര്യമില്ലായ്മ വക്രിച്ചു. ജോസിനു മുഖംകൊടുക്കാതെ തിരിഞ്ഞുനിന്നു. സൊ വാട്ട് അതിനു ഞാനെന്തു ചെയ്യണം. വാട്ട് ടു ഡു.

ജോസ് ഒരുനിമിഷം ആലോചിച്ചു.ഇവനോട് എന്തു മറുപടിയാണു പറയേണ്ടത്. സ്വന്തം ചോരയിൽ ഒരു കുഞ്ഞുണ്ടായിന്നറിഞ്ഞിട്ടും ഉള്ളിൽ പതഞ്ഞുവന്ന ദേഷ്യമടക്കി ജോസ് പറഞ്ഞു.

'കുഞ്ഞിന് പേരിടണം. നിനക്കു സജഷൻവല്ലതും ഉണ്ടോ എന്നറിയാൻ....'

ജസ്റ്റിൻ തിരിഞ്ഞു ജോസിനെ നോക്കി. രണ്ടു കൈകളുമുയർത്തി ഒരു കുറ്റവാളി നിരപരാധിത്വം തെളിയിക്കാൻ ശ്രമിക്കുന്നതുപോലെ പറഞ്ഞു.

'സജഷനോ... എനിക്കോ... നോ പപ്പാ. ഫോർ വാട്ട്.'

അവന്റെ മുഖത്തെ ഭാവമാറ്റം ജോസ് ശ്രദ്ധിച്ചു.

'പപ്പാ യു നോ ദാറ്റ് മമ്മി ഡോൺട് ലൈക് ഹെർ. നേയിം സെലക്ട് ചെയ്യുന്നത് അവളുടെ ഇഷ്ടം. അം സോറി പപ്പാ. ലീഫ് മി എലോൺ.'

ക്രിസ്റ്റിയുടെ തോളിൽ കൈയിട്ട് അവൻ ഗോവണിപ്പടികൾകയറിപ്പോയി. പടികയറുമ്പോൾ അവന്റെ വിരലുകൾ അവളുടെ ശരീരത്തൊപ്പിച്ച കുസൃതിയിൽ അവൾ ഇളകിച്ചിരിക്കുന്നതു കേട്ടു. ജോസ് ദയനീയമായി നോക്കിനിന്നു. പുറത്തേക്കു നടന്നു. ഒരു പാവംപെണ്ണിന്റെ ഭാവിതുലച്ചിട്ട് അവളിൽ ഒരു മകനെ ഉണ്ടാക്കിയിട്ട് സൗകര്യംപോലെ മറന്നിരിക്കുന്നു. ഗെയിറ്റിനു പുറത്ത് പാർക്കുചെയ്ത കാറിലേക്ക് ജോസ് വേഗം നടന്നു. മനസുനിറയെ അമർഷമായിരുന്നു.

ജോസ് തിരികെ ആശുപത്രിയിലെത്തുമ്പോൾ അവിടെ ആൻസിയുമെത്തിയിരുന്നു.

'മോളെപ്പോ വന്നു.' ജോസ് ചോദിച്ചു.

'ദാ ഇപ്പൊ എത്തിയതേയുള്ളു പപ്പാ.' അവൾ പറഞ്ഞു.

ജോസ് പോയകാര്യവും നടന്ന സംഭവവുമൊക്കെ ഏലിയാമ്മയോട് പറഞ്ഞു.

മറുപടിയായി ഏലിയാമ്മ ഒന്നിരുത്തിമൂളി. വെറുപ്പോടെ പറഞ്ഞു.

ഡാനിച്ചൻ പറഞ്ഞതുതന്നെയാ അവനു വേണ്ടത്.

'കരണക്കുറ്റിക്ക്....'

പാതി പറഞ്ഞുനിർത്തിയിട്ട് ഏലിയാമ്മ ആനിയെ നോക്കി. അവൾ കേൾക്കാത്തമട്ടിൽ തിരിഞ്ഞു കിടന്നു, എല്ലാമറിഞ്ഞ്. അവൾ ഇതുതന്നെയായിരുന്നു പ്രതീക്ഷിച്ചിരുന്നത്. അത്ഭുതമൊന്നും തോന്നിയില്ല.

ആൻസിയും ജോസും വളരെ നിർബന്ധിച്ച് ഏലിയാമ്മയെ വീട്ടിലേക്ക് അയച്ചു. ആനി ആശുപത്രിയിലായതു മുതൽ ഏലിയാമ്മയാണ് അടുത്തിരിക്കുന്നത്. ഒരമ്മയെപ്പോലെയാണ് ശുശ്രൂഷ. പോയിട്ട് വൈകിട്ട് വരാമെന്നു പറഞ്ഞ് ഏലിയാമ്മ വീട്ടിലേക്കു മടങ്ങി.

ഏലിയാമ്മയെ താഴെക്കൊണ്ടുവിട്ടിട്ട് ഒരു ചായകുടിച്ച് ആനിയുടെ മുറിയിലേക്കു നടന്ന ജോസ് അമ്പരന്നു നിന്നു. ഇടനാഴിയുടെ അങ്ങേ മൂലയിൽനിന്ന് വടികുത്തി നടന്നുവരുന്ന ഗ്രേസി. ദൂരെ നിന്നേ ജോസിന് ആളെ മനസിലായി. കണ്ണുകൾ തിളങ്ങി. കണ്ടതു യാഥാർഥ്യമെന്നു മനസിനെ പറഞ്ഞു വിശ്വസിപ്പിക്കാൻ ജോസിന് ഏറെ പണിപ്പെടേണ്ടിവന്നു. പേരക്കിടാവിനെ കാണാൻ ഗ്രേസി എത്തുമെന്ന് ഒട്ടുമേ കരുതിയില്ല. ജോസ് ഒരു തൂണിനു മറഞ്ഞുനിന്നു. തന്നെ ഇപ്പോൾ കാണണ്ട. അവരെ കണ്ട് മടങ്ങിവരുമ്പോൾ മുഖം കൊടുത്താൽമതി.

ഗ്രേസി ആനിയുടെ മുറിയും കടന്നുപോയി. ജോസ് നിശ്ചലനായി നോക്കിനിന്നു. ഇനി മുറി അറിയാത്തതുകൊണ്ടാണോ വലതുവശത്തേക്കു തിരിഞ്ഞ് ആദ്യത്തെ മുറിയിൽ ഗ്രേസി കയറിയപ്പോൾ ആനിയെ കാണാൻ വന്നതല്ലെന്ന് ജോസ് ഉറപ്പിച്ചു. ആരാണ് ആ മുറിയിൽ. ഗ്രേസിയുടെ പരിചയത്തിലുള്ള ഉന്നതന്മാരാരെങ്കിലും?

മനസിലേക്ക് ഒരായിരം ചോദ്യങ്ങൾ ഉയർന്നു. ജോസ് അവിടെത്തന്നെ നിന്നു.

പത്തുമിനിട്ടു കഴിഞ്ഞുകാണും ഗ്രേസി പുറത്തേക്കുവന്നു. കൂടെയുള്ള ആളെ ജോസ് നോക്കി. വാസു! ചുണ്ടുകൾ ശബ്ദമില്ലാതെ മന്ത്രിച്ചു. വാസു ആകെ മാറിപ്പോയിരിക്കുന്നു. കണ്ണുകൾ രണ്ട് അഗാധ ഗർത്തങ്ങളായിരിക്കുന്നു. തഴെ കറുപ്പിന്റെ ഒരു കരിമ്പടം. താടി മുഴുവൻ നരച്ചിരിക്കുന്നു. ഒരുയുഗത്തിന്റെ ദുഃഖമുണ്ട് ആ മുഖത്ത്. വാസു ഇവിടെ? എന്തുപറ്റി വാസുവിന്? മനസിന്റെ സ്ക്രീനിൽ പഴയ ചോദ്യങ്ങളുടെ പുറത്തേക്ക് പുതിയ ചോദ്യങ്ങൾ വന്നു കുമിഞ്ഞുകൂടി. ജോസ് അവർ കാണാതെ മാറിനിന്നു. ഗ്രേസിയെ യാത്രയാക്കി തിരികെ വന്ന വാസുവിന്റെ മുൻപിലേക്ക് ജോസ് ഇറങ്ങിനിന്നു. വാസുവിന്റെ മുഖത്തെ ആശ്ചര്യത്തിന്റെ തിരമാലകൾ ജോസിന് എണ്ണിയെടുക്കാമായിരുന്നു. വാസു ജോസിനെ കരവലയത്തിലൊതുക്കി. 'ജോസെ എന്നോടു ക്ഷമിക്കടാ' എന്നുപ

റഞ്ഞു വാസുവിന്റെ കണ്ണു നിറഞ്ഞത് ജോസറിഞ്ഞു.

മറുപടിയൊന്നും പറഞ്ഞില്ല.

വാസുവിന്റെ കൈയിൽപിടിച്ച് മാറ്റിനിർത്തിയിട്ട് ജോസ് ചോദിച്ചു.

'നിനക്കെന്തുപറ്റിയെടാ, എന്താ ഇങ്ങനെയൊക്കെ.'

'അത്... ഞാൻ പറയാം. നീവാ.'

വാസു ജോസിനെയുംകൂട്ടി ആശുപത്രി വരാന്തയിലൂടെ നടന്നു.

'ആനി ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു.'

ജോസ് പറഞ്ഞു. വാസു തലയുയർത്തിനോക്കിയിട്ട് ഒന്നു മൂളിയിട്ടു പറഞ്ഞു.

'എന്റെ റീന മോളും.'

'റീന മോളോ' ജോസ് ആശ്ചര്യത്തോടെ ചോദിച്ചു.

'എന്നിട്ടവളുടെ കല്യാണം നീയെന്നെ അറിയിച്ചില്ലല്ലോ.' ജോസ് പരിഭവം നടിച്ചു.

'അത്.... അവളുടെ കല്യാണം കഴിഞ്ഞില്ല.' വാസു പൊടുന്നനെ പറഞ്ഞു.

ജോസിന്റെ ഹൃദയത്തിലൂടെ ഒരു മിന്നൽ കടന്നുപോയി.

'കല്യാണം കഴിഞ്ഞില്ലേ?' ജോസ് വാസുവിനെ തുറിച്ചുനോക്കി.

വാസു എല്ലാം പറഞ്ഞു ജോസിനോട്. റീന ഒരു പഞ്ചാബിയുമായി പ്രണയത്തിലായതും, ഗർഭിണിയായപ്പോൾ അയാൾ വേറെ ഗേൾഫ്രണ്ടിനൊപ്പം പോയതും, അയാൾ പോയപ്പോൾ റീന മാനസികമായി തളർന്നുപോയതും. എല്ലാം ഒരു ദുസ്വപ്നത്തിലെന്നപോലെ ജോസ് കേട്ടിരുന്നു. വാസുവിനെ എന്തുപറഞ്ഞ് സമാധാനിപ്പിക്കണമെന്നു ജോസിന് അറിയില്ലായിരുന്നു. അവളുടെ അമ്മയുണ്ടായിരുന്നെങ്കിൽ ഞാനിത്ര വേദനിക്കില്ലായിരുന്നു.

സ്വന്തംമോളെപ്പോലെയാണ് താനവളെ കണ്ടിരുന്നത്. ആ കുട്ടിയെ ഇങ്ങനെയൊരവസ്ഥയിൽ. വാസുവിനടുത്ത് ഇനിയും ഇരുന്നാൽ താനും കരഞ്ഞുപോകുമെന്ന് ജോസിനു തോന്നി. യാത്ര പറഞ്ഞ് ആനിയുടെ മുറിയിലേക്ക് നടന്നു. വാസു പിന്നീട് കുഞ്ഞിനെ കാണാൻ വരാമെന്നറിയിച്ചു.

ആനിയുടെ മുറിക്കുപുറത്ത് ഒരാൾക്കൂട്ടം. ജോസിന്റെ നെഞ്ച് പടാ പടാമിടിച്ചു. മനസ് വ്യാകുലമായി. എന്തുപറ്റി അമ്മയ്ക്കും കുഞ്ഞിനും ഒരു കുഴപ്പവുമില്ലെന്ന് മോനിക്ക് പറഞ്ഞതെന്നാണല്ലോ ചേടത്തി പറഞ്ഞത്.

ഒരു കുതിപ്പിന് ജോസ് മുറിയുടെ വാതുക്കലെത്തി. ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റി. സൈമണിന്റെ തല കണ്ടു. അപ്പോഴാണ് ആശ്വാസമായത്. സൈമൺ ആശുപത്രിയിൽ വന്നതറിഞ്ഞ് നഴ്സുമാരും രോഗികളും ആരാധകരും കൂടിയതാണ്. ഈ മാസാദ്യം നേടിയ അമേരിക്കയിലെ വിജയം സൈമണിന്റെ പേരിനു തിളക്കം കൂട്ടിയിട്ടുണ്ട്. ഓട്ടോഗ്രാഫുകൾ നൽകി സൈമൺ പുറത്തുകടന്നു; മോനിക്കയും.

രണ്ടുദിവസത്തിനുശേഷം ആനിയും കുഞ്ഞും വീട്ടിലെത്തി. മറ്റൊരു വീട്ടിലേക്കു മാറുന്നതിനെക്കുറിച്ച് ആനി സംസാരിച്ചുവെങ്കിലും ഏലിയാമ്മ സമ്മതിച്ചില്ല. ഇവിടെയിങ്ങനെ എത്രനാൾ എന്ന ചോദ്യത്തിന് എന്റെ കാലം കഴിയുന്നതുവരെ എന്നാണ് ഏലിയാമ്മ മറുപടി പറഞ്ഞത്. എന്റെ കാലം കഴിയുന്നതുവരെയെന്നു മോനിക്കയും ഏലിയാമ്മയുടെ വാക്കിന്റെ വാലിൽതൂങ്ങി.

ഏലിയാമ്മയാണ് കുഞ്ഞിനെ കുളിപ്പിക്കുന്നതും എണ്ണതേച്ച് ഉഴിയുന്നതുമെല്ലാം. കുഞ്ഞിന് ആനി ഇതിനകം പേരുമിട്ടിരുന്നു. ജാക്കി ജെസ്സി. ആ പേരിന്റെ വാലുവേണോ എന്ന് ഏലിയാമ്മ അവളോട് പലവട്ടം ചോദിച്ചു. വേണമെന്നു ഉറച്ചുതന്നെ നിന്നു അവൾ. പാവം അവനു അവളെ വേണ്ടാ എങ്കിലും. ഏലിയാമ്മയ്ക്ക് അവളോട് അലിവുതോന്നി. പ്രാക്ടീസ് കഴിഞ്ഞുവരുമ്പോൾ മുതൽ ആൻസിയാണ് കുഞ്ഞിന്റെ ചുമതലക്കാരി. കുഞ്ഞിനെ ലാളിക്കുന്നതും കുളിപ്പിക്കുന്നതും കണ്ണെഴുതിക്കുന്നതും പൊട്ടുതൊടീക്കുന്നതും പൗഡർ ഇടുന്നതുമെല്ലാം. പാലു കൊടുക്കാൻ മാത്രമേ ആനിയുടെ കൈയിലവൾ കുഞ്ഞിനെ ഏൽപിക്കൂ.

ഒരുദിവസം കുഞ്ഞിനെ ആൻസി കുളിപ്പിക്കാമെന്നു പറഞ്ഞപ്പോൾ ഏലിയാമ്മ അവളെ കളിയാക്കി.

'കുഞ്ഞിനെ ഇത്ര ഇഷ്ടമാണെങ്കിൽ നിന്നെ ഉടനെ കെട്ടിച്ചേക്കാം. സ്വന്തമായി അധ്വാനിച്ച് ഒന്നിനെ പ്രസവിച്ചോ.' ആൻസി പരിഭവിച്ചു.

'ഈ അമ്മച്ചിക്ക് നാവിനൊരു എല്ലുമില്ല.'

ആൻസി അങ്ങനെയാണ് ഏലിയാമ്മയെ വിളിക്കാറ്. അതാണ് ഏലിയാമ്മയ്ക്കിഷ്ടവും.

പിന്നെ, ഞാൻ പറഞ്ഞത് കള്ളമാണോ.

'ഈ അമ്മച്ചി-' ആൻസി കുഞ്ഞിനെ കുളിപ്പിക്കുന്നതിൽനിന്ന് പിന്മാറി.

വേദനയുടെ മൂടാപ്പിൽനിന്നു സന്തോഷത്തിന്റെ ജാലകക്കാഴ്ചയിലേക്ക് തുറന്നിരുന്നു ആനിയുടെ മനസും. ആനിയെ സന്തോഷിപ്പിക്കുന്നതിലായിരുന്നു ആൻസിയുടെ ശ്രദ്ധ.

ഒരവധി ദിവസം. വസന്തത്തിന്റെ ഇളംവെയിലിൽ രാവിലെ എഴുന്നേറ്റ് ആനിക്കുള്ള മരുന്നുമായി ആൻസി പടി കയറിയെത്തി. അമ്മയും മകനും നല്ല ഉറക്കത്തിലാണ്. ഇപ്പോൾ വിളിക്കണോ. ഇന്നലെ രാത്രിമുഴുവൻ കുഞ്ഞു കരച്ചിലായിരുന്നു. ചേച്ചി ഒട്ടും ഉറങ്ങിയില്ല. പാവം ഇപ്പൊഴെങ്കിലും കുറച്ചുറങ്ങട്ടെ. മരുന്നു മേശപ്പുറത്തുവച്ചു. മുറിയുടെ വാതിൽ ശബ്ദമുണ്ടാക്കാതെ ചാരി പുറത്തേക്കുവന്നു.

താഴെ കോളിംഗ് ബെൽ ശബ്ദിച്ചു. അമ്മച്ചി കുളിക്കുകയാണ്.

അവൾ പതിയെ താഴേക്ക് പടികൾ ഇറങ്ങി വാതിൽ തുറന്നു.

മുന്നിൽ സുമുഖനായ ഒരു യുവാവ്. കണ്ടിട്ട് ഒരു മലയാളിത്വം ഉണ്ട്.

ആൻസിയെകണ്ട് അയാളും അമ്പരന്ന് നിൽക്കുകയായിരുന്നു. പെയിന്റിംഗുകളിലുമൊക്കെ കാണാറുള്ളതുപോലെ ഒരു സൗന്ദര്യ ശില്പം. ഇവൾ എവിടെനിന്നു വന്നു. ആദ്യമായി കാണുകയാണ്.

അയാൾ അകത്തേക്ക് കയറാൻ ഒരുങ്ങിയപ്പോൾ അവൾ തടഞ്ഞു.

'വെയ്റ്റ് വെയ്റ്റ് ഹു ആർ യു?'

അവൻ അവളെനോക്കി. ചുണ്ടിൽ ഒരു ചിരി വിടർന്നു. മുഖത്തുനിന്ന് കൂളിംഗ് ഗ്ലാസ് എടുത്തുമാറ്റിയിട്ട് അവളെ നോക്കി.

'എന്താ നോക്കി പേടിപ്പിക്കുകയാ?'

അവൾ ചോദിച്ചു.

അതിനു മറുപടിയായി അവനൊരു ചോദ്യമാണെറിഞ്ഞത്.

'മേ ഐ നോ യുവർ നേം.'

ആൻസി ഒന്നുംമിണ്ടാതെ മുഖംവീർപ്പിച്ച് അവനെ നോക്കി.

ഏലിയാമ്മ കുളികഴിഞ്ഞ തലതുവർത്തിക്കൊണ്ട് ഹാളിലെത്തി.

'ആരാ അവിടെ?'

'ഞാനാ മമ്മീ.... ഈ കുട്ടി എന്നെ പിടിച്ചുവച്ചിരിക്കുകയാ. അങ്ങോട്ട് കയറ്റിവിടുന്നില്ല.'

കളിയാക്കുന്ന മട്ടിൽ അയാൾ പറഞ്ഞു.

ആൻസിയുടെ മുഖം ചുവന്നു.

ഏലിയാമ്മ ചിരിച്ചുകൊണ്ടു പറഞ്ഞു: 'എന്തിനാ മോളെ എന്റെ മോനെ കയറി പിടിച്ചിരിക്കുന്നത്. അവനെ ഇങ്ങ് വിട്ടേര്.' ഏലിയാമ്മയുടെ പറച്ചിലിൽ ആൻസി ചൂളിപ്പോയി.

(തുടരും.......)